"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് -വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി-പുനർഗേഹം പദ്ധതി- കരാർ ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.216/2026/F&P തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:-

1. 22.07.2017-ലെ സ.ഉ.(കൈ) നം.16/2017/മ.തുവ.
2. 19/04/2025 -ലെ സ.ഉ. (പി) നം.54/2025/ധന
3. 23-05-2025-ലെ സ.ഉ(സാധാ) നം.345/2025/മ.തു.വ
4. ഫിഷറീസ് ഡയറക്ടറുടെ 16/01/2026-ലെ DFTVM/924/2025-S4PIU നമ്പർ കത്ത്
5. 06/02/2026- ലെ സ.ഉ.(സാധാ) നം.107/2026/മ.തുവ.

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) രൂപീകരിച്ചും ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനകാലാവധി 01.04.2026 മുതൽ 2 വർഷത്തേയ്ക്ക് പരാമർശം(5) പ്രകാരം ദീർഘിപ്പിച്ചിരുന്നു .

2.പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ പത്ര പരസ്യം മുഖേന ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തിയതിൻ പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 4 ജീവനക്കാരുടെ കരാർ കാലാവധി 31/03/2026- വരെ ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സഞ്ചിത ശമ്പളത്തിൽ ജോലി നോക്കിവരുന്ന കരാർ ജീവനക്കാരായ ശ്രീമതി നീതാ ചന്ദ്രൻ കെ.ആർ (ക്ലർക്ക്), ശ്രീമതി ദിവ്യ എസ്.ആർ (ക്ലർക്ക്), ശ്രീമതി മഞ്ജു എസ് (ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ശ്രീ.ജിഷ്ണു ബി.എസ് (ഓഫീസ് അറ്റൻഡന്റ്) എന്നിവരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) ഉത്തരവിലെയും പ്രസ്തുത

ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിലെയും പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിയ്ക്കണമെന്ന വ്യവസ്ഥയിൽ മേൽ ജീവനക്കാരുടെ കരാർ കാലാവധി, കരാർ അവസാനിയ്ക്കുന്ന തീയതി കഴിഞ്ഞ് കുറഞ്ഞത് ഒന്നോ രണ്ടോ പ്രവർത്തി ദിവസത്തെ എങ്കിലും ബ്രേക്ക് നൽകി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടും, സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉണ്ടായിരിയ്ക്കുന്നതല്ല എന്നും, അനുമതി കൂടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന പക്ഷം കരാർ സ്വാഭാവികമായി റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടും, ശ്രീമതി നീതാ ചന്ദ്രൻ കെ.ആർ (ക്ലർക്ക്), ശ്രീമതി ദിവ്യ എസ്.ആർ (ക്ലർക്ക്), ശ്രീമതി മഞ്ചു എസ് (ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ശ്രീ.ജിഷ്ണു ബി.എസ് (ഓഫീസ് അറ്റൻഡന്റ്) എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അബ്ദുൾ നാസർ ബി ഐ എ എസ്**

സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ്( 18-02-2026-ലെ 3410565/ WCD-2/36/2026-FIN അനൗ.കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (A2/14/2026)

ഉത്തരവിൻ പ്രകാരം

Signed by
Aswathy M L
Date: 11-03-2026 16:59:44

സെക്ഷൻ ഓഫീസർ